# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2627 — 17.10.2016-ൽ മറുപടിയ്ക്ക്

## കരുനാഗപ്പള്ളി ടാങ്കർ ദുരന്തത്തിനിരയായവർക്ക് തൊഴിൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ആർ. രാമചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | 2010 ഡിസംബർ 31-ന് കരുനാഗപ്പള്ളി-പുത്തൻ തെരുവിൽ വച്ചുണ്ടായ ടാങ്കർ ദുരന്തത്തിൽപ്പെട്ടവരെ രക്ഷിക്കുന്നതിനുള്ള പ്രവർത്തനത്തിനിടയിൽ കാഴ്ച നഷ്ടപ്പെട്ട ശ്രീ. രാമദാസ്, കൊച്ചോലിക്കൽ കിഴക്കതിൽ, ചങ്ങൻകുളങ്ങര, വവ്വാക്കാവ് എന്നയാളിന് മുൻസർക്കാർ സമാശ്വാസമായി തൊഴിൽ നൽകുമെന്ന് അറിയിച്ചിരുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ശ്രീ. രാമദാസിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു ലക്ഷം രൂപ ധനസഹായമായി ജി.ഒ.(ആർ.ടി) നം.3915/2015/റവ തീയതി 25.07.2015 പ്രകാരം ഉത്തരവായിട്ടുണ്ട്. ടിയാൾക്ക് ജോലി നൽകുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല. |
| (ബി) | പ്രസ്തുത ദുരന്തത്തിനിരയായി മരണപ്പെട്ടവരുടെ ആശ്രിതരുൾപ്പെടെ എത്ര പേർക്ക് തൊഴിൽ നൽകി; അവരുടെ പേരുവിവരം ലഭ്യമാക്കുമോ; | (ബി) യും (സി) യും (ഡി) യും | കായംകുളം അഗ്നിശമന രക്ഷാനിലയത്തിൽ ജോലി നോക്കിയിരുന്ന ഫയർമാൻ ശ്രീ. ഒ. സമീർ സംഭവത്തിൽ മരണപ്പെട്ടിരുന്നു. ടിയാന്റെ ഭാര്യ ശ്രീമതി. എ. ഷീജയ്ക്ക് സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ ആശ്രിത നിയമനം നൽകിയിട്ടുണ്ട്. അപകടത്തിൽ മരണപ്പെട്ട തുളസീധരൻപിള്ളയുടെ ഭാര്യ ശ്രീമതി. ജയലക്ഷ്മി പി യ്ക്കും പി.കെ. അഭിലാഷിന്റെ സഹോദരൻ ശ്രീ. അരുൺ കുമാർ കെ.പി. യ്ക്കും സപ്ലൈകോയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ ജോലി നൽകിയിട്ടുണ്ട്. പ്രസ്തുത അപകടത്തിൽ മരണപ്പെട്ട അഷറഫിന്റെ ഭാര്യ ശ്രീമതി. ഷംനയ്ക്ക് ജി.ഒ.(എം.എസ്) നം.26/2016/എഎച്ച്ഡി തീയതി 09.09.2016 പ്രകാരം കൊല്ലം ജില്ലയിലെ കേരള ഫീഡ്സിന്റെ കരുനാഗപ്പള്ളി യൂണിറ്റിൽ ജോലി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സംഭവത്തിൽ മരണപ്പെട്ട പോലീസ് ഉദ്യോഗസ്ഥരായ സുനിൽ കുമാർ, പ്രദീപ് കുമാർ എന്നിവരുടെ മക്കൾക്ക് ആശ്രിത നിയമന പദ്ധതി പ്രകാരം തൊഴിൽ നൽകേണ്ടതായിട്ടുണ്ട്. ഇനി ആർക്കെങ്കിലും തൊഴിൽ നൽകാനുണ്ടോ എന്ന വിവരം മറ്റ് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് ഇനിയും തൊഴിൽ നൽകാനുള്ളവരുടെ പേരുവിവരം ലഭ്യമാക്കാമോ; ശ്രീ.രാമദാസിന് തൊഴിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (ഡി) | കശുവണ്ടി വികസന കോർപ്പറേഷനിൽ ജോലി നൽകുന്നതിന് ഉത്തരവ് നൽകിയിരുന്ന ശ്രീമതി റഷീദ, പറക്കുളത്തിൽ കിഴക്കതിൽ, തൊടിയൂർ; ഷീജ, താലൂർ കിഴക്കതിൽ, കടത്തൂർ, തഴവ എന്നീയാളുകൾക്ക് ജോലി നൽകിയിട്ടുണ്ടോയെന്നും ഇവർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ